# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : * 491

05.07.2012-ൽ

മറുപടിക്ക്.

### വൻകിട വാണിജ്യ വ്യാപാര മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വൻകിട വാണിജ്യ വ്യാപാര മേഖലകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാൻഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്കമൊക്കുമോ; | (ബി) തിരുവനന്തപുരം കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലാണ് വാണിജ്യ വ്യാപാര മേഖലകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ച്കൊണ്ട് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി വ്യവസായ വാണിജ്യ മേഖലകൾ വികസിപ്പിക്കുകയും ഇതുവഴി കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത വ്യവസായ വാണിജ്യ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, വ്യവസായ പാർക്കുകൾ ഐ.റ്റി.പാർക്കുകൾ എയർപോർട്ട് അധിഷ്ഠിത മേഖലകൾ തുടങ്ങിയവ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതു കൂടാതെ തുറമുഖ അധിഷ്ഠിത വെയർ ഹൗസുകൾ തുടങ്ങിയവയും ഉൾപ്പെടുന്നു.<br><br>തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ഈ ആവശ്യത്തിലേയ്ക്കായി അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനായുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളെ വാണിജ്യ മേഖലകളായി വിജ്ഞാപനം ചെയ്യുകയും എല്ലാത്തരത്തിലുമുള്ള വ്യവസായ വാണിജ്യ വ്യാപാര പ്രവർത്തനങ്ങൾ അനുവദിക്കുകയും ചെയ്യും. ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കിൻഫ്രയ്ക്ക് 100 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. പിന്നീട് ഇതേ മാതൃകയിലുള്ള മേഖലകൾ ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന ടൗണുകളിലും മുനിസിപ്പാലിറ്റികളിലും സ്ഥാപിക്കുന്നതിന് നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ